(സി & ഡി) വ്യവസായ പുനരുദ്ധാരണനിധിയിൽ നിന്നും ധനസഹായം നൽകിയിട്ടുള്ള കമ്പനികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) 31-1-2001 ലെ കണക്കനുസിച്ച് വ്യവസായ പുനരുദ്ധാരണനിധിയിൽ നിന്നും കമ്പനികൾക്ക് നൽകിയ ചെക്കുകളിൽ മാറാതെയുള്ളവയുടെ വിവരം ചുവടെ ചേർക്കുന്നു.

1.	തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്	81.00 ലക്ഷം രൂപ
2.	ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് ലിമിറ്റഡ്	400.00 "
3.	കേരള സംസ്ഥാന ഇലക്ട്രോണിക്സ് വികസന കോർപ്പറേഷൻ	2500.00 "
4.	കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്	200.00 "
5.	കേരളാ സിറാമിക്സ് ലിമിറ്റഡ്	45.00 "
6.	കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്	235.00 "
7.	മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്	573.00 "
8.	കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്	325.00 "
9.	ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്	350.00 "
10.	സ്റ്റീൽ ഇന്റസ്ട്രിയൽസ് കേരളാ ലിമിറ്റഡ്	825.00 "

(എഫ് - എച്ച്) ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

പീഡിത വ്യവസായങ്ങൾക്കുള്ള ഫണ്ട്

2 (564) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീഡിത വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിനും നവീകരിക്കുന്നതിനും വേണ്ടി എത്ര രൂപയുടെ ഫണ്ടാണ് രൂപീകരിച്ചത് ;

(ബി) ഈ തുക എവിടെനിന്നു സമാഹരിച്ചു ;

(സി) ഇതിനു നൽകേണ്ട പലിശ ഒരു വർഷം എത്ര ;

(ഡി) ഈ ഫണ്ട് ഏതെല്ലാം വ്യവസായങ്ങൾക്ക് എത്രവീതമാണ് നൽകിയതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ ഫണ്ടിലെ തുക മുഴുവൻ ചെലവഴിച്ചു കഴിഞ്ഞോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ ;

(ജി) ഈ തുക വകമാറി ചെലവഴിച്ചു എന്ന പരാതി ശരിയാണോ :

(എച്ച്) അല്ലെങ്കിൽ എന്തുകൊണ്ട് ഈ തുക ഉദ്ദേശലക്ഷ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുവാൻ കാലതാമസം നേരിടുന്നു എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ബോണ്ടുകളുടെ വിൽപ്പന വഴി 180 കോടി രൂപയും സർക്കാർ വിഹിതമായി 60 കോടി രൂപയും ചേർത്ത് 240 കോടിയാണ് കണക്കാക്കിയിരുന്നത്. ബോണ്ടുക്കളുടെ വിൽപ്പന വഴി 180 കോടി രൂപ സമാഹരിച്ചും, സർക്കാർ വിഹിതമായി 45 കോടി രൂപ നൽകിയും വ്യവസായ പുനരുദ്ധാരണ നിധി ബോർഡ് പ്രവർത്തനമാരംഭിച്ചു.

(സി) ബോണ്ടുകളുടെ വിൽപ്പന വഴി സമാഹരിച്ച 180 കോടി രൂപയ്ക്ക് 13.5 ശതമാനമാണ് വാർഷിക പലിശ.

(ഡി-എഫ്) ധനസഹായം നൽകിയതുസംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* കമ്പനികളിൽനിന്നും അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്കാണ് വായ്പ അനുവദിക്കുന്നത്. കമ്പനികളിൽ നിന്നും തിരിച്ചടവിനത്തിൽ ലഭിക്കുന്ന തുകയുംകൂടി കമ്പനികൾക്ക് വായ്പയായി വീണ്ടും അനുവദിക്കുന്നുണ്ട്. 14-2-2001 ലെ കണക്കുപ്രകാരം 268.86 കോടി രൂപ കമ്പനികൾക്ക് വ്യവസായ പുനരുദ്ധാരണനിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

(ജി & എച്ച്) വിദഗ്ദ്ധൻമാർ ഉൾപ്പെടുന്ന വ്യവസായ പുനരുദ്ധാരണ നിധി ബോർഡിന്റെ ഡയറക്ടർ ബോർഡ് കൂടി വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയാണ് കമ്പനികൾക്ക് വായ്പ അനുവദിക്കുന്നത്. കൂടാതെ വ്യവസായ പുനരുദ്ധാരണ നിധി സ്കീം അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചതിനു ശേഷമേ കമ്പനികൾക്കു വായ്പ നൽകുകയുള്ളു. കമ്പനികൾക്കു നൽകുന്ന വായ്പ റിയാബിന്റെയും കമ്പനിയുടെയും പേരിലുള്ള ജോയിന്റു അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. ധനവിനിയോഗം പരിശോധിക്കുന്നതിനായി കമ്പനികളിൽ പെർഫോമൻസ് ആഡിറ്റ് നടത്താൻ റിയാബിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി സ്വരൂപിച്ച തുക വകമാറി ചെലവഴിച്ചിട്ടില്ല.

വ്യവസായ പുനരുദ്ധാരണ ഫണ്ട്

3 (565) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ പുനരുദ്ധാരണ ഫണ്ടിലേയ്ക്ക് ഇതിനോടകം എത്ര രൂപ സമാഹരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ ഫണ്ടിൽ നിന്നും ഏതെല്ലാം വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി സഹായം നൽകിയിട്ടുണ്ടെന്നും എത്ര രൂപ വീതം നൽകിയെന്നും വെളിപ്പെടുത്തുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly